## <u>ഒന്നാം വർഷ ബിരുദ പ്രവേശനം – 2020</u>
## <u>പുതുതായി അനുവദിച്ച കോഴ്സിലെക്കുള്ള സ്പോട്ട് അഡ്മിഷന് മാർച്ച് 5 ന്</u>

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കാഞ്ഞിരംകുളം ഗവൺമെന്റ് കെ.എൻ.എം ആർട്സ് ആൻഡ് സയൻസ് കോളേജിൽ പുതുതായി അനുവദിച്ച BSc. Physics (Mathematics and Machine Learning) ലേക്ക് ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് മാർച്ച് 5–ാം തീയതി സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

താൽപര്യമുള്ള വിദ്യാർത്ഥികൾ ഇതേ കോളേജിൽ രാവിലെ 10 മണിക്ക് മുമ്പായി എല്ലാ അസൽ സർട്ടിഫിക്കറ്റുകളുമായി (ടി.സി ഉൾപ്പടെ) നേരിട്ട് ഹാജരാകേണ്ടതാണ് . നിലവിൽ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികളെ മാത്രമാണ് സ്പോട്ട് അഡ്മിഷനു പരിഗണിക്കുന്നത്. കോളേജ് ട്രാൻസ്ഫർ/ കോഴ്സ് ട്രാൻസ്ഫർ ഒന്നും തന്നെ പരിഗണിക്കുന്നതല്ല. നിലവിൽ രജിസ്ട്രേഷൻ ഇല്ലാത്ത വിദ്യാർത്ഥികൾക്കും ഈ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.

അഡ്മിഷൻ ലഭിച്ചാൽ ഒടുക്കേണ്ട യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (എസ്.ടി/എസ്.സി വിഭാഗങ്ങൾക്കു 930 രൂപ, ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1850 രൂപ) കൈയിൽ കരുതേണ്ടതാണ്. രജിസ്ട്രേഷൻ ചെയ്യാത്ത വിദ്യാർഥികൾ രജിസ്ട്രേഷൻ ഫീസ് 500 രൂപ കൂടി കൈയിൽ കരുതേണ്ടതാണ്. മുമ്പ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം. പ്രസ്തുത കോളേജിലെ ഓരോ വിഭാഗങ്ങൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള സീറ്റുകളുടെ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കുന്നതാണ്.